(സി) എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഏതെങ്കിലും വ്യക്തികളോ ഏജൻസികളോ പാട്ടത്തിന് ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകാൻ വ്യവസ്ഥയുണ്ടോ;

(എഫ്) ഓരോ മാസവും ഇതിന്റെ പരിചരണത്തിനുവേണ്ടി എത്ര രൂപ വീതമാണ് സർക്കാർ ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മണ്ണാർക്കാട് ടൂറിസം വകുപ്പ് നിർമ്മിച്ച യാത്രി നിവാസ് സ്വകാര്യ സംരംഭകർക്ക് പാട്ടത്തിന് നൽകുവാനായി പരസ്യം ചെയ്തിരുന്നുവെങ്കിലും യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുക്കാൻ കഴിയാത്തതിനാലാണ് പ്രവർത്തനം ആരംഭിക്കാത്തത്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) തീരുമാനമായില്ല.

(ഡി) കെ.ടി.ഡി.സി. ഈ യൂണിറ്റ് പാട്ടത്തിന് എടുക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ വ്യവസ്ഥയില്ല.

(എഫ്) നിലവിൽ ഇതിന്റെ പരിചരണം കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

ഗസ്റ്റ്ഹൗസുകളും കെ.ടി.ഡി.സി. ഹോട്ടലുകളും

17 [3604] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള എത്ര ഗസ്റ്റ്ഹൗസുകൾ പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ട്;

(ബി) പുതുതായി ഗസ്റ്റ്ഹൗസുകൾ പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ എന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം വകുപ്പിന്റെ ഏതെല്ലാം ഗസ്റ്റ് ഹൗസുകൾ കെ.ടി.ഡി.സി.-യെ ഏൽപ്പിച്ചിട്ടുണ്ട്;

(ഡി) കെ.ടി.ഡി.സി.-യുടെ ഏതൊക്കെ ഹോട്ടലുകൾ ഈ കാലയളവിൽ പുതുക്കിപ്പണിതിട്ടുണ്ട്; കെ.ടി.ഡി.സി.-യുടെ പുതിയ ഹോട്ടലുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) മസ്ക്കറ്റ് ഹോട്ടലിന്റെ പുതുക്കിപ്പണിയലിന് എന്ത് തുക ചെലവായി എന്നും ഇവിടെ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എല്ലാ ഗസ്റ്റ് ഹൗസുകളും പുതുക്കി പണിയാൻ ഉദ്ദേശമുണ്ട്.

(ബി) വയനാട് ജില്ലാ ആസ്ഥാനത്ത് ഒരു പുതിയ ഗസ്റ്റ് ഹൗസും, ആലുവയിൽ ഒരു പുതിയ ബ്ലോക്കും നിർമ്മിക്കാൻ തീരുമാനമായിട്ടുണ്ട്.

(സി) ആറ്റിങ്ങൽ ഗസ്റ്റ് ഹൗസ് കെ.ടി.ഡി.സി.-ക്ക് കൈമാറാൻ സർക്കാർ തീരുമാനമായിട്ടുണ്ട്. കൈമാറ്റം ഇതുവരെ നടന്നിട്ടില്ല.

(ഡി) മസ്കറ്റ് ഹോട്ടൽ, അരണ്യ നിവാസ് എന്നീ ഹോട്ടലുകൾ ഈ കാലയളവിൽ പുതുക്കി പണിഞ്ഞിട്ടുണ്ട്. പുതിയ ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഇ) മസ്കറ്റ് ഹോട്ടൽ പുതുക്കി പണിയുന്നതിന് 1909.54 ലക്ഷം രൂപയാണ് അടങ്കൽ തുക. വിശാലമായ സ്വീകരണമുറി, കോഫിലോഞ്ച്, 64 എ.സി. റൂമുകൾ, കോൺഫറൻസ് ഹാളുകൾ, ഒരു ബോർഡ് റൂം, ആധുനിക രീതിയിൽ നവീകരിച്ച കിച്ചൻ, പുതിയ റസ്റ്റോറന്റ്, ആയുർവേദ സെന്റർ, ഹെൽത്ത് ക്ലബ്, ബ്യൂട്ടി പാർലർ, സ്വിമ്മിംഗ് പൂൾ, പവർ ലാണ്ടറി, ബിസിനസ്സ് സെന്റർ, ഫ്ളോറിസ്റ്റ് ഷോപ്പ്, വിവിധ ഷോപ്പ് മുറികൾ തുടങ്ങി ഒരു പഞ്ചനക്ഷത്ര ഹോട്ടലിലേയ്ക്ക് ആവശ്യമുള്ള എല്ലാവിധ സജ്ജീകരണങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

ആലുവ ഗസ്റ്റ് ഹൗസിന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് നടപടി

18 [3605] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ഗസ്റ്റ് ഹൗസ് (പാലസ്)-നോടനുബന്ധിച്ച് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലായെന്ന് വിശദീകരിക്കാമോ;

(ബി) ഇതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആലുവ ഗസ്റ്റ്ഹൗസ് (പാലസ്)-നോടനുബന്ധിച്ച് പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിന് വേണ്ടിവരുന്ന എല്ലാ ചെലവുകളും ചേർത്തുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി ആന്റ് സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly